## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3169</u> — <u>18/06/2019 ൽ മറുപടിക്ക്</u>

### <u>കശുവണ്ടി കമ്പനികളുടെ പുനരുദ്ധാരണപദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | കശുവണ്ടി വ്യവസായ മേഖലയിലെ നഷ്ടത്തിലായ കശുവണ്ടി കമ്പനികളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിനായി നിരവധി മീറ്റിംഗുകൾ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. ഇതിനെ തുടർന്ന് രൂപീകരിക്കപ്പെട്ട മൂന്നംഗ കമ്മിറ്റി രണ്ട് ഘട്ടങ്ങളിലായി 285 വ്യവസായങ്ങളെ കേൾക്കുകയും പുനരുദ്ധരിക്കാൻ സാധിക്കുന്ന വ്യവസായങ്ങളെക്കുറിച്ച് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. 06/02/2019-ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും വ്യവസായികൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും പ്രയോജനപ്രദമായ തീരുമാനങ്ങളെടുക്കുകയും ചെയ്തു. യോഗതീരുമാനങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനക്സ്ചർ - I). നിലവിൽ വായ്പയെടുത്ത് അടയ്ക്കാൻ സാധിക്കാത്തവരുടെ വായ്പ പുനഃക്രമീകരിച്ചു നൽകുന്നതിനും, പിഴപ്പലിശ ഒഴിവാക്കുന്നതിനും, വായ്പയുടെ പലിശ 9% മാക്കി നിജപ്പെടുത്തുന്നതിനും, പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കുവാനുമുള്ളതായിരുന്നു പ്രധാനതീരുമാനങ്ങൾ. 2019 ഫെബ്രുവരി മാസത്തിൽതന്നെ 30 ലധികം ഫാക്ടറികൾക്ക് വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുകയും വ്യവസായങ്ങളുടെ ധനകാര്യ സ്ഥിതി സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് |
| (ബി) | നഷ്ടത്തിലായ പ്രസ്തുത കമ്പനികളുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ; വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത കമ്പനികൾക്ക് ധനസഹായം നൽകുവാനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ യോഗത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

| | |
|---|---|
| | വായ്പ നൽകിവരികയാണ്. വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് 14/06/2019 ൽ വകുപ്പ് മന്ത്രി അവലോകനം നടത്തുകയും വായ്പ ലഭ്യമാക്കി സ്വകാര്യഫാക്ടറികൾ പരമാവധി വേഗത്തിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**പ്രതിസന്ധി നേരിടുന്ന കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 06/02/2019 ൽ നിയമസഭാമന്ദിരത്തിൽ ഉച്ചയ്ക്ക് 12 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ ചേംബറിൽ വെച്ചുനടന്ന യോഗത്തിന്റെ മിനിട്ട്സ്.**

യോഗം കൃത്യം 12 മണിക്ക് തുടങ്ങി.

യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ആമുഖമായി ബഹു. ഫിഷറീസ്, കശുവണ്ടി വ്യവസായം വകുപ്പുമന്ത്രി സംസാരിച്ചു.

കശുവണ്ടി വ്യവസായം നടത്തിയതിന്റെ ഭാഗമായി സാമ്പത്തിക പ്രതിസന്ധിയിലായവരുടെ ബാധ്യത നിർണ്ണയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി കമ്മിറ്റി 175 സ്ഥാപനങ്ങളെയാണ് ഒരു മാസത്തോളം നീണ്ടുനിന്ന സിറ്റിംഗിൽ കേട്ടത്. ഈ സിറ്റിംഗിൽ പങ്കെടുക്കാത്ത ഫാക്ടറികളുമുണ്ട്. ടി സിറ്റിംഗിന്റെ ഭാഗമായി 3 കാര്യങ്ങളാണ് വ്യക്തമാക്കിയത്. കമ്മിറ്റി ചില നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പണം ലഭ്യമാക്കിയാൽ രക്ഷപ്പെടുത്താവുന്നവ, വായ്പ പുനഃക്രമീകരിച്ചാൽ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുന്നവയും ഒറ്റത്തവണ തീർപ്പാക്കൽ മുഖേന പ്രവർത്തനം അവസാനിപ്പിക്കേണ്ടവയും ആസ്തി പുനഃസംഘടനാ കമ്മിറ്റിക്ക് കൈമാറിയവയും.

ഇവയിൽ ഒറ്റത്തവണത്തീർപ്പാക്കൽ മുഖാന്തിരം തീർപ്പാക്കേണ്ട ലിസ്റ്റിൽപ്പെട്ടവയുടെ കാര്യത്തിൽ പുനഃപരിശോധന ആവശ്യമാണ്. ആസ്തി പുനഃസംഘടനാ കമ്മിറ്റിക്ക് ശുപാർശ ചെയ്ത നടപടിയോട് സർക്കാരിന് യോജിപ്പില്ല. ഇത് ഫാക്ടറി ഉടമകളുടെ സമ്പത്ത് തട്ടിയെടുക്കുന്ന ഒരു പരിപാടിയായിട്ടാണ് സർക്കാരിന് തോന്നുന്നത്.

തുടർന്ന് ബാധ്യത നിർണ്ണയ കമ്മിറ്റിയുടെ നിഗമനങ്ങളെ കുറിച്ച് ബഹു. മുഖ്യമന്ത്രി സംസാരിച്ചു.

കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ ഫലപ്രദമായി ഇടപെടാനും സഹായിക്കുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനായി, പ്രധാനമായും, ടി ഫാകടറി ഉടമകൾക്ക് അനുവദിച്ച ലോണുകളുടെ പലിശ കുറയ്ക്കണം, കശുവണ്ടി ലഭ്യമായാൽ തുറന്നു പ്രവർത്തിക്കാനും, തോട്ടണ്ടി ലഭ്യമായാൽ പ്രവർത്തനക്ഷമമാക്കാനും കഴിയുന്ന ഫാക്ടറികൾക്ക് കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി നൽകും. അതിനായി ഫാക്ടറികൾക്ക് കേരളാ കാഷ്യൂ

ബോർഡ് escrow account മുഖാന്തിരം തോട്ടണ്ടി ലഭ്യമാക്കും.

ബാധ്യതാ നിർണ്ണയക്കമ്മിറ്റി മുമ്പാകെ ഹാജരാകാൻ കഴിയാത്തവർക്ക് ഒരവസരം കൂടി നൽകണം.

അടുത്ത വർഷം കശുവണ്ടി വ്യവസായത്തെയാകെ പുനരുജ്ജീവിപ്പിക്കുന്ന വർഷമായി മാറ്റാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായി പുതിയ വായ്പകൾക്ക് 1 വർഷക്കാലത്തേക്കുള്ള പലിശ സർക്കാർ നൽകും. അതിനായി 25 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. തുടർന്ന് SLBC പ്രതിനിധികളോട് ഇക്കാര്യങ്ങളിൽ അവരവരുടെ സ്വതന്ത്രമായ അഭിപ്രായം പറയണമെന്നും അതിന് സൗകര്യമൊരുക്കാനാണ് വ്യവസായ പ്രതിനിധികളെ ഈ യോഗത്തിലേക്ക് ക്ഷണിക്കാതിരുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

തുടർന്ന് സംസാരിച്ച SLBC പ്രതിനിധികൾ താഴെ പറയുന്ന കാര്യങ്ങൾ മീറ്റിംഗിൽ അവതരിപ്പിച്ചു.

ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി നിർദ്ദേശിക്കപ്പെട്ടത്, ഫാക്ടറി ഉടമകൾ ബാങ്കുകൾക്ക് നൽകിയിട്ടുള്ള പ്രപ്പോസൽ പ്രകാരമാണെന്നും ഫാക്ടറി വീണ്ടും പ്രവർത്തിക്കുകയാണെങ്കിൽപ്പോലും നിലനില്പള്ള കടവും, ഇനി നൽകാൻ പോകുന്ന കടവും ഒരു തരത്തിലും ബാങ്കിനു പിന്നീട് കൈകാര്യം ചെയ്യാൻ ആവില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണെന്നും, ആ സമയത്ത് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ആനുകൂല്യം പ്രഖ്യാപിച്ചിരുന്നില്ലെന്നും, ഇപ്പോഴുള്ള പ്രഖ്യാപനത്തിന്റെ അടസ്ഥാനത്തിൽ OTS പുനഃപരിശോധിക്കാവുന്നതാണെന്നും ബാങ്ക് പ്രതിനിധി അറിയിച്ചു. Asset Reconstruction Committee വസ്തു കൈമാറുന്നത് ഒരു നിയമനടപടിക്രമം മാത്രമാണെന്നും പ്രതിനിധികൾ സൂചിപ്പിച്ചു. കൈമാറി കഴിഞ്ഞ കാര്യത്തിൽ ഇനിയൊരു പുനരാലോചനയ്ക്ക് സാധ്യതയുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ടെന്നും, ഇത്തരം 5 കേസുകൾ കൈകാര്യം ചെയ്തിട്ടുള്ളത് ഫെഡറൽ ബാങ്കാണെന്നും, ഒന്ന് സൗത്ത് ഇന്ത്യൻ ബാങ്കാണെന്നും ഇക്കാര്യം ബന്ധപ്പെട്ട ബാങ്കുകളുമായി സംസാരിക്കണമെന്നും അറിയിച്ചു.

പലിശ കുറയ്ക്കുക, പിഴപ്പലിശ ഒഴിവാക്കുക എന്നീ വിഷയങ്ങൾ, SLBC എടുത്ത തീരുമാനം ഓരോ ബാങ്കിന്റേയും ഡയറക്ടർ ബോർഡിനെ അറിയിച്ച് അവരുടെ അംഗീകാരം നേടി മുന്നോട്ട് പോകാമെന്നും അറിയിച്ചു.

വായ്പ പുനഃക്രമീകരിക്കുന്നതിന്, ആവശ്യമായ ഔപചാരിക അപേക്ഷ, ധനകാര്യ പേപ്പറുകൾ എന്നിവ ലഭ്യമാക്കുന്നതിനും, ആവശ്യമായ സമയം വേണമെന്നും SLBC പ്രതിനിധി അറിയിച്ചു. ഇതിനായി മാർച്ച് 31 വരെ അവർ സമയം ചോദിച്ചു. ഈ സമയം അനുവദിച്ചെങ്കിലും, കഴിയുന്നതും നേരത്തേ

ഇതിനാവശ്യമായ നടപടികൾ പൂർത്തിയാക്കണമെന്നും പലിശനിരക്കിൽ ധനകാര്യസ്ഥാപനങ്ങളിൽ ഏകീകൃത നിരക്ക് നിലവിലില്ലാത്തതിനാൽ അത് ഏകദേശം 9% ആയി നിജപ്പെടുത്താൻ തീരുമാനമെടുക്കാമെന്നും, ഒരു വർഷത്തിനു ശേഷം നിരക്ക് പുനരാലോചിക്കാമെന്നും SLBC പ്രതിനിധി അറിയിച്ചു.

പുതിയ വായ്പ്പകൾ, 175 ഫാക്ടറി ഉടമകളിൽ 50 പേർക്കെങ്കിലും, ഫെബ്രുവരി 28 ന് മുമ്പ് നൽകാൻ കഴിഞ്ഞെങ്കിൽ അതൊരു നല്ല തുടക്കമാവുമെന്നും ബഹു. മന്ത്രി അറിയിച്ചു. ഇതിനായി കിട്ടിയ അപേക്ഷകൾ ഇപ്പോൾ തന്നെ ബാങ്കുകൾ പരിശോധിച്ചു വരികയാണെന്നും ഫെബ്രുവരി 28 ന് മുമ്പ് കുറഞ്ഞത് 50 വ്യവസായങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമെന്നും SLBC പ്രതിനിധി അറിയിച്ചു.

## തീരുമാനങ്ങൾ

1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.
2. കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച 9 % ആയി നിശ്ചയിക്കും.
3. പിഴ പ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി നിശ്ചയിക്കും.
4. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേക്ക് ഗവൺമെന്റ് ഏറ്റെടുക്കും.
5. പാക്കേജിൽ പെട്ട വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതയ്ക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.
6. സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തിരം പുനരുദ്ധാരണം പ്രപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ച്ചത്തെ സമയം അനുവദിച്ചു.
7. കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.
8. കേരളാ കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.
9. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.
10. ഒറ്റത്തവണതീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

11. ഫെബ്രുവരി 28 ന് മുൻപ് 50 സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനമായി വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
12. ബാക്കിയുള്ള വ്യവസായങ്ങൾക്ക് മാർച്ച് 15 നകം വായ്പ ലഭ്യമാക്കും.

യോഗം 12 30 ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ

## List of Participants

1. Rajesh Ramakrishnan, MD, KSCDC
2. G Sarawana Kumar, Sr. Manager, TMB
3. T Bharath, Asst. Manger, TMB
4. Sangeeth N, AGM , IDBI Bank
5. K Rajeev, Chief Manager, Bank of Baroda
6. MVS Subrahmanyan AGM, Vijaya Bank
7. Gopakumarapilla. K, SBM, Kollam.
8. Jacob Eapen. K, AVP, Federal Bank
9. Tom Thomas Thekkel, Federal Bank
10. S Ramesh Kumar, AGM, Indian Overseas Bank
11. NK Krishnankutty, DGM, Canara Bank, SLBC
12. GK Maya, GM, Canara Bank, SLBC
13. Sreekala LK, AGM, Union Bank of India
14. AK Parida, DGM, Union Bank of India
15. D Ravisankar, Sr Manager, Syndicate Bank, RO TVM
16. Mallika Jaya Sing, Chief Manager, Syndicate Bank, RO TVM
17. M Gireesh Kumar, Consultant, KCB Ltd
18. P Marapandian, CMD, Kerala Cashew Board Ltd
19. Rajesh TV, Branch Manger, Karnataka Bank, Kollam
20. Santhosh Kuumar P, Commercial Manager, CAPEX
21. RK Narayanan, Accounts Officer, CAPEX, Kollam
22. Benoy Jose, Branch Manager, UCO Bank, Kollam
23. Vinod Kumar SK, CM, PNB, Kollam
24. N Balasubramanian, AGM, PNB
25. Renjith R Nair, AGM, Sounth Indian
26. Muhammed Anseem, Manger, SLBC, Kerala
27. Ganesh BK, Senior Manager, City Union Bank Ltd, Kollam
28. Kannan VP, HDFC Bank, Kollam.